**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **13-09-2023 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റ് രജിസ്ട്രാർ ആയിരുന്ന ഡോ. പി.വി. ഉണ്ണികൃഷ്ണന് അനുവദിച്ച സ്റ്റഡി ലീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റ് രജിസ്ട്രാർ ആയിരുന്ന ഡോ. പി.വി. ഉണ്ണികൃഷ്ണന് 08.02.1992 മുതൽ 07.02.1994 വരെ രണ്ടു വർഷത്തേയ്ക്ക് സാലറിയോടുള്ള സ്റ്റഡി ലീവ് അനുവദിച്ചിട്ടുണ്ടോ; 09.05.2001 ൽ സി-ഡിറ്റ്/01/ പി.ആർ.ഒ./2001/37 നമ്പർ പ്രൊസീഡിങ്ങ്സ് സി-ഡിറ്റ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | ലീവ് സാലറി നൽകികൊണ്ട് പഠനാവധി ചട്ടങ്ങളിൽ ഡോ.പി.വി ഉണ്ണികൃഷ്ണന് നൽകിയിട്ടുള്ള ഇളവ് സർക്കാർ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കുമെന്ന് പ്രസ്തുത പ്രൊസീഡിങ്ങ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഡോ.പി.വി. ഉണ്ണികൃഷ്ണന് പഠനാവധി ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (സി) | സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല 28.03.2001 ലെ സ.ഉ (എം. എസ്) നം 20/2001/സി എഡി പ്രകാരം ശ്രീ. ഉണ്ണികൃഷ്ണന് സി-ഡിറ്റ് സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾ പ്രകാരം സ്റ്റഡി ലീവ് അനുവദിക്കാമെന്ന് ഉത്തരവായിരുന്നു. |
| (ഡി) | പഠനാവധി ചട്ടങ്ങളിൽ നൽകിയ ഇളവ് സർക്കാർ അംഗീകരിച്ചിട്ടില്ലായെങ്കിൽ ഡോ. പി.വി ഉണ്ണികൃഷ്ണന് അനധികൃതമായി നൽകിയ ലീവും ലീവ് സാലറിയും സർവീസും പ്രൊമോഷനുകളും പരിശോധിക്കുമോ; | (ഡി) | സ്റ്റഡി ലീവ് നൽകുന്നതിന് യോഗ്യമായ സർവീസ് സംബന്ധിച്ച നിബന്ധനയിൽ ഇളവു തേടിക്കൊണ്ട് സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിൻമേൽ സർക്കാരിന്റെ അന്തിമ തീരുമാനം അനുസരിച്ച് ലീവും ലീവ് സാലറിയും സോപാധികമായി അനുവദിച്ചത് സി-ഡിറ്റ് പരിശോധിച്ചുവരുന്നു. |
| (ഇ) | സർവ്വീസ് കാലാവധിയായി കണക്കുകൂട്ടാൻ പറ്റാത്ത നാല് വർഷത്തെ ലീവ് ഫോർ സ്റ്റഡി പർപ്പസ് എങ്ങനെ സർവീസിനായി പരിഗണിക്കുന്ന സ്റ്റഡി ലീവ് ആയി മാറിയെന്നും പ്രസ്തുത ലീവ് കാലയളവിൽ ഡോ.പി.വി ഉണ്ണികൃഷ്ണൻ പഠനം പൂർത്തിയാക്കാതിരുന്നിട്ടും ഇക്കാലയളവ് ഏതു ചട്ടപ്രകാരമാണ് സർവീസ് ആയി പരിഗണിച്ചതെന്നും വ്യക്തമാക്കുമോ? | (ഇ) | 04.06.1990 മുതൽ 1996 ആഗസ്റ്റ് വരെ പി. വി ഉണ്ണികൃഷ്ണന് 24.12.1998 സ.ഉ(ആർ റ്റി) നം .454/98/സിഎഡി പ്രകാരം സി-ഡിറ്റ് രജിസ്ട്രാർ തസ്തികയിൽ തുടർന്നതായി പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ